# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 976** **12/06/2014-ൽ മറുപടിക്ക്**

**മിഷൻ 676**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എ.റ്റി. ജോർജ്ജ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ രംഗത്ത് പുതുകാൽ വെയ്പിനായി 'മിഷൻ 676' പ്രകാരം എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | (എ) മിഷൻ 676 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 2014-15 വർഷം സർവ ശിക്ഷാ അഭിയാൻ കേരളയുടെ നേതൃത്വത്തിൽ 'ഫോക്കസ് 2014' എന്ന പേരിൽ സംസ്ഥാനത്തെ അൺ എക്കണോമിക് സ്കൂളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രൈമറി, അപ്പർപ്രൈമറി തലങ്ങളിൽ പഠിക്കുന്ന പഠിതാക്കളുടെ ശാസ്ത്ര, ഗണിത ശാസ്ത്ര വിഷയങ്ങളിലുള്ള അറിവും ധാരണയും വർദ്ധിപ്പിക്കുന്നതിന് 'ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം' (LEP) വഴി പ്രത്യേക പഠന സാമഗ്രികൾ തയ്യാറാക്കി നൽകുന്ന ഒരു പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളുടെ അക്കാഡമിക് പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള ഒരു സമഗ്ര സോഫ്റ്റ്‌വെയർ രൂപകൽപ്പനയ്ക്കുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരണവും നടത്താനുദ്ദേശിക്കുന്നു. |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br>(സി) പദ്ധതി നിർവ്വഹണത്തിനായി ഏതെല്ലാം സ്ഥാപനങ്ങളേയും ഏജൻസികളേയുമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്, വിശദമാക്കുമോ; | (ബി) & (സി)<br>ഉണ്ട്. 40 കുട്ടികളിൽ താഴെ പഠിക്കുന്ന പ്രൈമറി സ്കൂളുകളെ ബി.ആർ.സി സ്ഥാപനങ്ങളിൽ നിന്നുള്ള എസ്.എസ്.എയുടെ പ്രവർത്തകരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സ്കൂളുകളിലെ അധ്യാപകരുമായി ഒത്തുചേർന്ന് ഗുണനിലവാരം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഹാജർനില, പാഠ്യ-പാഠ്യേതര പ്രവർത്തന മികവ് തുടങ്ങിയവ ഓൺലൈനായി ലഭ്യമാക്കുന്ന സമഗ്ര സോഫ്റ്റ്‌വെയർ രൂപകൽപനയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഓരോ രക്ഷാകർത്താവിനും കുട്ടിയുടെ ഗ്രേഡ് റിപ്പോർട്ട് ഓൺലൈനായി ലഭ്യമാക്കാനും ഇതിലൂടെ സാധിക്കും. എല്ലാ ഹയർ സെക്കന്ററി സ്കൂളുകളും ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റും ഓൺലൈനായി ബന്ധിപ്പിക്കുവാനും ഭരണ നിർവ്വഹണം സുതാര്യവും വേഗത്തിലും കുറ്റമറ്റതാക്കാനും ഇതിലൂടെ സാധിക്കും. |
| (ഡി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ഒന്നുമുതൽ 4 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുമായി ബന്ധപ്പെടുത്തി പ്രത്യേക പഠന മൊഡ്യൂളുകൾ തയ്യാറാക്കി ശിശു സൗഹൃദ അന്തരീക്ഷത്തിൽ കൃത്യമായ മോണിറ്ററിംഗ് സംവിധാനത്തോടെ നടപ്പാക്കുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

Sreedevi
**സെക്ഷൻ ഓഫീസർ**